I ഇ.ബി. XIV - കേരള നിയമസഭ/XV-15

## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 ജൂൺ 26, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തരസമയം)

**I അടിയന്തരപ്രമേയം**

കസ്റ്റഡി മരണം

മി. സ്പീക്കർ: നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിലിരിക്കെ മർദ്ദനമേറ്റ് കൊല്ലപ്പെട്ട പീരുമേട് സബ്ജയിലിലെ റിമാൻഡ് പ്രതിയായ രാജ്കുമാറിന്റെ കൊലപാതകംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, എം. ഉമ്മർ, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം

നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നെടുങ്കണ്ടം തൂക്കുപാലം ഹരിത ഫിനാൻസ് തട്ടിപ്പ് കേസിലെ ഒന്നാം പ്രതി രാജ്കുമാർ 15-06-2019-ന് രാത്രി അറസ്റ്റ് ചെയ്യാനെത്തിയ പോലീസിനെക്കണ്ട് രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടെയുണ്ടായ വീഴ്ചയിൽ പരിക്കേൽക്കുകയും നെടുങ്കണ്ടം താലൂക്കാശുപത്രിയിൽ ചികിത്സ ലഭ്യമാക്കുകയുമുണ്ടായി. കോടതിയിൽ ഹാജരാക്കി പീരുമേട് സബ്ജയിലിൽ എത്തിച്ച ടിയാൻ ശാരീരിക അസ്വസ്ഥത പ്രകടിപ്പിച്ചതിനെത്തുടർന്ന് വീണ്ടും ചികിത്സ ലഭ്യമാക്കിയെങ്കിലും 21-06-2019-ന് പീരുമേട് താലൂക്കാശുപത്രിയിൽവച്ച് മരണപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് പീരുമേട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. രാജ്കുമാർ പ്രതിയായ കേസിലും റിമാൻഡിലിരിക്കെ മരണപ്പെട്ട കേസിലും ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി അന്വേഷണം നടത്തിവരികയാണ്. രാജ്കുമാറിനെ കസ്റ്റഡിയിലെടുത്ത തീയതി മുതലുള്ള കാര്യങ്ങൾ പരിശോധിച്ച് നിജസ്ഥിതി കണ്ടെത്തുന്നതാണ്.

ശ്രീ. പി. ടി. തോമസ്: തൂക്കുപാലം ഹരിത ഫിനാൻസ് തട്ടിപ്പുകേസിലെ പ്രതി രാജ്കുമാർ പോലീസ് മർദ്ദനത്തെത്തുടർന്നാണ് മരണപ്പെട്ടത്.

രാജ്കുമാറിനെ കോട്ടയം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ച സമയത്ത് പോലീസ് സ്റ്റേഷനിൽവച്ച് മർദ്ദിച്ചതായി ഡോക്ടർമാരെ അറിയിച്ചിരുന്നു. ഹരിത ഫിനാൻസ് തട്ടിപ്പ് സംഘത്തിന് പിന്നിൽ പ്രവർത്തിച്ചവർ ആരൊക്കെയാണെന്നും പീരുമേടുകാരനായ രാജ്കുമാറിന് പട്ടം കോളനി സഹകരണബാങ്കിൽ എങ്ങനെ അക്കൗണ്ട് ലഭിച്ചുവെന്നും പരിശോധിക്കണം. വ്യവസ്ഥകൾ പാലിക്കാതെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്. രാജ്കുമാറിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് ഇടുക്കി എസ്.പി. ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): രാജ്കുമാറിന്റെ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് സംശയകരമായ സാഹചര്യങ്ങൾ ന്യായീകരിക്കാൻ സർക്കാർ തയ്യാറല്ല. കസ്റ്റഡിയിലെടുത്ത രാജ്കുമാറിനെ നടപടിക്രമങ്ങൾ പാലിച്ചാണോ കോടതിയിൽ ഹാജരാക്കിയതെന്നും പ്രസ്തുത വിവരം ഉന്നത ഉദ്യോഗസ്ഥർ അറിഞ്ഞിട്ടുണ്ടോയെന്നും മൃതദേഹത്തിൽ മുറിവുകളുണ്ടായത് എങ്ങനെയാണെന്നുമുള്ള കാര്യങ്ങളെ സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തുകയാണ്. ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ച് സമഗ്രമായ

അന്വേഷണം നടത്തുകയും ഉത്തരവാദികൾക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധ ക്ഷണിക്കൽ

### (1) കരാർ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ

ശ്രീ. ബി. സത്യൻ: സംസ്ഥാനത്ത് ദിവസ വേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്നവരുടെ വേതനം വർദ്ധിപ്പിക്കുകയും മിനിമം വേജസ് ഉറപ്പാക്കുകയും ചെയ്ത സാഹചര്യത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ കരാർ അടിസ്ഥാനത്തിൽ ജോലിചെയ്തുവരുന്ന എച്ച്. ആർ. തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിനും തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും നടപടി

സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): കേരള വാട്ടർ അതോറിറ്റിയിലെ കരാർ തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാനാവില്ലെന്ന് ഹൈക്കോടതി വ്യക്തമാക്കിയിട്ടുള്ളതും അധിക സാമ്പത്തികബാദ്ധ്യത താങ്ങാൻ സാധിക്കാത്തതിനാൽ കരാർ ജീവനക്കാരുടെ വേതനം പുനർനിർണ്ണയിക്കുന്ന കാര്യം തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന് അതോറിറ്റി യോഗം തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്. മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് വേതന വർദ്ധനവിന്റെ കാര്യം തീരുമാനിക്കുന്നതാണ്.

(2) വടകര-മാഹി കനാൽ പദ്ധതി

ശ്രീ. പാറക്കൽ അബ്ദുല്ല: അഞ്ച് റീച്ചുകളിലായി ആസൂത്രണം ചെയ്ത വടകര-മാഹി കനാൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് തടസ്സം സൃഷ്ടിച്ചുകൊണ്ട് കൂട്ടിയിട്ടിരിക്കുന്ന ഉപയോഗശൂന്യമായ മണ്ണ് നീക്കം ചെയ്യുന്നതിനും പദ്ധതി എത്രയുംവേഗം യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഒരു വർഷത്തിനകം വടകര-മാഹി കനാൽ പൂർണ്ണതോതിൽ

ഗതാഗതയോഗ്യമാക്കാൻ സാധിക്കും. കനാലിനോടനുബന്ധിച്ച് ത്വരിതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന റോഡുകൾ, പാലങ്ങൾ, സ്റ്റീൽ ഫൂട്ട്ബ്രിഡ്ജുകൾ തുടങ്ങിയവയുടെ പ്രവൃത്തിയും ടെൻഡർ ഘട്ടത്തിലുള്ള കനാലുകളുടെ ലോക്കുകളുടെ പ്രവൃത്തിയും ഏകോപിപ്പിക്കുന്നതിനും സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## III സബ്മിഷൻ

### (1) സുരക്ഷാ ക്രമീകരണങ്ങൾ

ശ്രീ. കെ. സി. ജോസഫ്: കണ്ണൂർ, വിയ്യൂർ സെൻട്രൽ ജയിലുകളിൽ നടത്തിയ റെയ്ഡിൽ ആധുനിക ഉപകരണങ്ങൾ മുതൽ ലഹരിവസ്തുക്കൾ വരെ കണ്ടെത്തിയ സാഹചര്യത്തിൽ അവിടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കണ്ണൂർ, വിയ്യൂർ സെൻട്രൽ ജയിലുകളിൽ റെയ്ഡ് നടത്തി അനുവദിക്കപ്പെടാത്ത സാധനങ്ങൾ പിടിച്ചെടുത്ത സാഹചര്യത്തിൽ ചില തടവുകാരെ മറ്റ് ജയിലുകളിലേയ്ക്ക് മാറ്റിപാർപ്പിക്കുകയും നിയമരഹിതമായി പെരുമാറിയ തടവുകാരെ ക്രിമിനൽ നടപടിക്ക് വിധേയമാക്കുകയും ഉത്തരവാദികളായ ജയിൽ ജീവനക്കാർക്കെതിരെ നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ സെൻട്രൽ ജയിലിലെ സ്ഥിരംതടവുകാരെ

കോടതികളിൽ ഹാജരാക്കി തിരികെവരുമ്പോൾ നിരോധിത വസ്തുക്കൾ കൈവശംവയ്ക്കുന്ന സാധ്യത മുൻനിർത്തി ഇന്ത്യൻ റിസർവ് ബറ്റാലിയന്റെ പ്രത്യേക വിഭാഗത്തെ ചുമതലപ്പെടുത്തുകയും ജയിൽ സുരക്ഷയ്ക്കായി അവലംബിക്കേണ്ട രീതികളെക്കുറിച്ച് പഠനം നടത്തുന്നതിന് നാലംഗ സമിതിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും സി.സി.ടി.വി. പ്രവർത്തനക്ഷമമാക്കുന്നതിനും മൊബൈൽ ജാമറുകൾ ഘടിപ്പിക്കുന്നതിനും തടവുകാർ ലഹരിമരുന്നുകൾ കടത്തുന്നത് തടയുന്നതിനും ലഹരിമുക്ത മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(2) <u>റൈസ് പാർക്ക്</u>

<u>ശ്രീ. സജി ചെറിയാൻ</u>: ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ച റൈസ് പാർക്ക് ചെങ്ങന്നൂരിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ എന്നിവിടങ്ങളിലാണ് റൈസ് പാർക്കുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുന്നത്. ചെങ്ങന്നൂരിൽ മുളക്കുഴ വില്ലേജിൽ പ്രവർത്തിക്കുന്ന പ്രഭുറാം മിൽസിന്റെ 12.72 ഏക്കർ ഭൂമിയിൽ ഉപയോഗിക്കാതെ കിടക്കുന്ന 7.72 ഏക്കർ ഭൂമി സംബന്ധിച്ച് വിശദമായ പഠനം നടത്തിയതിനുശേഷം റൈസ് പാർക്ക് സ്ഥാപിക്കുന്നതിനായി ഉചിതമായ സ്ഥലം

നിശ്ചയിക്കുന്നതാണ്.

(3) <u>സർവ്വേയർ തസ്തികയിലെ നിയമനം</u>

<u>ശ്രീ. കെ. രാജൻ</u>: സർവ്വേയും ഭൂരേഖയും വകുപ്പിലെ 942 തസ്തികകൾക്ക് തുടർച്ചാനുമതി ലഭ്യമാക്കുന്നതിനും നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ സർവ്വേ വകുപ്പിൽ 2999 താൽക്കാലിക ജീവനക്കാരെ നിയോഗിക്കുകയും 31-08-2018 വരെ തുടർച്ചാനുമതി നൽകുകയും ചെയ്തിരുന്നു. ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2999 തസ്തികകളിൽ 2057 തസ്തികകൾക്ക് 01-09-2018 മുതൽ 30-09-2019 വരെ തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 942 തസ്തികകൾ അധികമാണെന്ന് കണ്ടെത്തിയതിനാൽ 16 എൻ.ജെ.ഡി. ഒഴിവുകൾ ഉൾപ്പെടെ 82 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിച്ചിട്ടില്ല. പ്രസ്തുത തസ്തികകൾക്ക് തുടർച്ചാനുമതി നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളിന്മേൽ തീരുമാനമാകുന്നമുറയ്ക്ക് നിലവിലുള്ള സർവ്വേയർ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താൻ സാധിക്കുന്നതാണ്.

(4) മരുന്നുകളുടെയും ശസ്ത്രക്രിയ ഉപകരണങ്ങളുടെയും ദൗർലഭ്യം

ഡോ. എം. കെ. മുനീർ: ആരോഗ്യ ഇൻഷ്വറൻസ് ഏറ്റെടുത്ത റിലയൻസ് കമ്പനിയിൽനിന്നും ആശുപത്രികൾക്ക് ലഭിക്കേണ്ട പണം എത്രയുംവേഗം ലഭ്യമാക്കുന്നതിനും മെഡിക്കൽ കോളേജുകളിൽ മരുന്നുകളും ശസ്ത്രക്രിയ ഉപകരണങ്ങളും നൽകുന്ന കമ്പനികളുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും കോഴിക്കോട് മെഡിക്കൽ കോളേജിന് ആവശ്യമായ മരുന്നുകളും സ്റ്റെന്റ് ഉൾപ്പെടെയുള്ള ഉപകരണങ്ങളും ലഭ്യമാക്കുന്നതിനും സത്വര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): മെഡിക്കൽ കോളേജുകളിൽ വിവിധ സ്കീമുകൾവഴി ചികിത്സതേടുന്ന രോഗികൾക്ക് ചെലവഴിക്കുന്ന തുക പാസ്സാക്കുന്നതിലെ കാലതാമസംമൂലമാണ് ഉപകരണങ്ങൾ വാങ്ങാൻ വൈകുന്നത്. ഇതുസംബന്ധിച്ച് റിലയൻസ് കമ്പനിയുമായും മെഡിക്കൽ കോളേജ് അധികൃതരുമായും ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നടത്തിയ ചർച്ചയിൽ കൃത്യസമയത്ത് കേസ്ഷീറ്റുകൾ ഹാജരാക്കാത്തതും കമ്പനിക്കാർ കുടിശ്ശിക വരുത്തുന്നതുമാണ് കാരണമെന്ന് കണ്ടെത്തുകയുണ്ടായി. എല്ലാ മെഡിക്കൽ കോളേജുകളിലും ഓരോ ഫിനാൻസ് മാനേജരെയും അക്കൗണ്ട് ക്ലർക്കിനെയും

ചുമതലപ്പെടുത്തി വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി പണം വാങ്ങിയെടുക്കാൻ നിർദ്ദേശം നൽകുകയും റിലയൻസ് കമ്പനിക്കാരോട് കുടിശ്ശികവരുത്തരുതെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒരു കാത്ത് ലാബ് കൂടി അനുവദിച്ചിട്ടുണ്ട്.

(5) ബയോ മെഡിക്കൽ എഞ്ചിനീയർമാരുടെ നിയമനം

ശ്രീ. എൻ. വിജയൻ പിള്ള: ആശുപത്രികളിൽ ബയോ മെഡിക്കൽ എഞ്ചിനീയർമാരുടെ തസ്തിക സൃഷ്ടിക്കാനും പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ബയോ മെഡിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ് ആൻഡ് മാനേജ്മെന്റ് പ്രോഗ്രാം അനുസരിച്ച് ഉപകരണങ്ങളുടെ മെയിന്റനൻസിനായി കിർലോസ്കർ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെ ചുമതലപ്പെടുത്തുകയും എൻ.എച്ച്.എം.-ന്റെ ഭാഗമായ ബയോ മെഡിക്കൽ എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ ടി കമ്പനി അതിന്റെ പ്രവർത്തനം നടത്തിവരികയും ചെയ്യുകയാണ്. കൂടാതെ എല്ലാ ആശുപത്രികളിലും ഇലക്ട്രോ മെക്കാനിക്കൽ ഉപകരണങ്ങൾ റിപ്പെയർ ചെയ്യുന്നതിന് ഹോസ്പിറ്റൽ എക്യുപ്മെന്റ് റിപ്പെയറിംഗ് വിഭാഗവും നിലവിലുണ്ട്. മേജർ റിപ്പെയർ വർക്കുകൾ എറണാകുളം,

തിരുവനന്തപുരം, കോഴിക്കോട് റീജിയണൽ വർക്ക് ഷോപ്പുകളിലും ബാക്കിയുള്ളവ അതത് ആശുപത്രികളിലും റിപ്പെയർ ചെയ്യുന്നുണ്ട്. ഡി.എം.ഒ.-യുടെ കീഴിൽ ബയോ മെഡിക്കൽ ടെക്നിക്കൽ വിഭാഗവും ഒരു ടെക്നിക്കൽ ഓഫീസറും ഇതിനായുണ്ട്. എല്ലാംകൂടി സംയോജിപ്പിച്ച് ബയോ മെഡിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തെ സ്ട്രെങ്ത്തൺ ചെയ്തിട്ടുണ്ട്. ഈ വിഭാഗത്തിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(6) <u>അടിസ്ഥാന സൗകര്യ വികസനം</u>

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: വിതുര താലൂക്കാശുപത്രിയിലെയും കാട്ടാക്കട സാമൂഹികാരോഗ്യ കേന്ദ്രത്തിലെയും സ്റ്റാഫ് സ്ട്രെങ്ത്തും അടിസ്ഥാന സൗകര്യവും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി <u>(ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):</u> ഒരു റവന്യൂ താലൂക്കിൽ ഒരു താലൂക്ക് ആശുപത്രിയെയാണ് 'ആർദ്രം' മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. താലൂക്കാശുപത്രിയുടെ പദവിയിലേയ്ക്ക് വരാത്ത ആശുപത്രികളിലെ സ്പെഷ്യാലിറ്റികൾ മെച്ചപ്പെടുത്തി മികച്ച ആശുപത്രിയാക്കി നിലനിർത്താൻ തീരുമാനിച്ചിട്ടുണ്ട്. ട്രൈബൽ ഹെൽത്ത് കെയർ പദ്ധതിയിലുൾപ്പെടുത്തി വിതുര ആശുപത്രിക്കനുവദിച്ച 2 കോടി രൂപ ഉപയോഗിച്ച് പശ്ചാത്തലസൗകര്യം,

ഇമ്മ്യൂണൈസേഷൻ റൂം, ഓഫീസ്, കോൺഫറൻസ് ഹാൾ എന്നിവ മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്. പുതിയ ഡിജിറ്റൽ എക്സ്-റേ സ്ഥാപിക്കുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണ്. ജില്ലാ പഞ്ചായത്തിന്റെ 2 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പി.എച്ച്.സി. സ്റ്റാഫ് സ്ട്രെങ്ത്തുള്ള കാട്ടാക്കട സാമൂഹികാരോഗ്യ കേന്ദ്രത്തെ വരും വർഷത്തെ 'ആർദ്രം' പദ്ധതിയിലുൾപ്പെടുത്തി ഫാമിലി ഹെൽത്ത് സെന്ററായി ഉയർത്തുന്നതാണ്.

(7) സ്നേഹപൂർവ്വം പദ്ധതി

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സ്നേഹപൂർവ്വം പദ്ധതി മുഖേന നിരാലംബരായ വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യം കുടിശ്ശിക സഹിതം നൽകുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സ്നേഹപൂർവ്വം പദ്ധതി പ്രകാരം 2017-18-ൽ 54340 വിദ്യാർത്ഥികൾക്ക് കുടിശ്ശികയുൾപ്പെടെ 28,48,25,350/- രൂപ നൽകുകയുണ്ടായി. 2018-19-ൽ 8205 വിദ്യാർത്ഥികൾക്ക് 4,39,94,300/- രൂപ നൽകിയതിനുപുറമെ 28,141 അപേക്ഷകൾകൂടി അംഗീകരിച്ച് 15,23,20,150/- രൂപ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 2018-19-ൽ എറണാകുളം ജില്ലയിൽ നിന്ന് ലഭിച്ച 2849 അപേക്ഷകരുടെ അക്കൗണ്ടുകളിൽ ജൂലൈ മാസത്തിനുമുമ്പ് തുക

ട്രാൻസ്ഫർ ചെയ്യുന്നതാണ്. കളമശ്ശേരി മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും 2017-18-ൽ 393 ഓൺലൈൻ അപേക്ഷകൾ ലഭിച്ചതിൽ അംഗീകരിച്ച 255 അപേക്ഷകർക്കുള്ള തുക ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ട്. 95 അപേക്ഷകൾ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കുന്നമുറയ്ക്ക് തുക ക്രെഡിറ്റ് ചെയ്യുന്നതാണ്. 30 അപേക്ഷകൾ വരുമാന പരിധി കൂടുതലായതിനാലും 13 അപേക്ഷകൾ അപൂർണ്ണമായതിനാലും പരിഗണിച്ചിട്ടില്ല. 2018-19-ൽ 435 ഓൺലൈൻ അപേക്ഷകൾ ലഭിച്ചതിൽ അംഗീകരിച്ച 255 അപേക്ഷകൾക്കുള്ള തുക ജൂലൈ മാസത്തോടുകൂടിയും 101 അപേക്ഷകൾ സ്ഥാപന മേധാവികൾ സാക്ഷ്യപ്പെടുത്തി നൽകുന്നമുറയ്ക്കും അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നതാണ്.

(8) കെട്ടിട നമ്പർ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: കടപ്പുറം പഞ്ചായത്തിലെ അഞ്ചങ്ങാടിയിൽ ശ്രീ. മൊയ്തീൻ ഷായുടെ പ്രോജക്ടിന് കെട്ടിടാനുമതി ലഭ്യമാക്കാനും വടക്കേക്കാട് പഞ്ചായത്തിൽ ശ്രീ. സി. എച്ച്. അബൂബക്കറുടെ സി.എച്ച്. പ്രോപ്പർട്ടിക്ക് കെട്ടിടനമ്പർ നൽകുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമപഞ്ചായത്തിലെ മൊയ്തീൻ ഷാ എന്നയാൾക്ക് 525.68 ചതുരശ്ര മീറ്റർ

വിസ്തീർണ്ണമുള്ള മൂന്നനില കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയെങ്കിലും അപേക്ഷകൻ പെർമിറ്റിൽനിന്ന് വ്യതിചലിച്ച് നിർമ്മാണ പ്രവർത്തനം നടത്തുകയാണുണ്ടായത്. വ്യവസ്ഥകൾ പാലിച്ച് നിർമ്മാണം പൂർത്തിയാക്കി കെട്ടിട നമ്പരിനായി അപേക്ഷ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും അത് പാലിക്കപ്പെട്ടില്ല. കെട്ടിടത്തിൽ മാറ്റം വരുത്താത്തതുകൊണ്ടാണ് കെട്ടിട നമ്പർ നൽകാൻ വൈകുന്നതെന്നാണ് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. പ്രസ്തുത വിഷയം തൃശ്ശൂർ ഡി.ഡി.പി.യുടെ നേതൃത്വത്തിൽ സാങ്കേതിക പരിശോധന നടത്തി റെഗുലറൈസ് ചെയ്യാൻ സാധിക്കുന്നതാണെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. വടക്കേക്കാട് പഞ്ചായത്തിലെ 61, 17, 18 സർവ്വേകളിൽപ്പെട്ട ഭൂമിയിൽ മൂന്നനില കെട്ടിട നിർമ്മാണം പൂർത്തിയാക്കിയ 12 യൂണിറ്റുകൾക്ക് കെട്ടിട നമ്പറുകൾ അനുവദിച്ചിട്ടുണ്ടെന്നും 2019-20 സാമ്പത്തിക വർഷത്തെ വസ്തു നികുതി അടച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(9) <u>ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ</u>

<u>ശ്രീ. കെ. വി. വിജയദാസ്</u>: കാലിത്തീറ്റ വില വർദ്ധനവുമൂലം ദുരിതമനുഭവിക്കുന്ന ക്ഷീര കർഷകരെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u>): കാലിത്തീറ്റ ഉത്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾക്കായി മറ്റ്

സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് കാലിത്തീറ്റയുടെ വില വർദ്ധനവിന് ഇടയാക്കുന്നുണ്ട്. കാലിത്തീറ്റയുടെ ഉപയോഗം കുറയ്ക്കുന്നതിനായി തീറ്റപ്പുല്ല്, വൃക്ഷവിളകൾ എന്നിവ കൃഷിചെയ്യുന്നതിനാവശ്യമായ എല്ലാ സഹായങ്ങളും നൽകുന്നതിനുപുറമെ പൊതുമേഖലാ സ്ഥാപനങ്ങളുടെ തരിശായ സ്ഥലങ്ങൾ കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനും ക്ഷീര സംഘങ്ങൾ മുഖേന തീറ്റപ്പുല്ല് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷീരവികസന വകുപ്പ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് 4 രൂപ വരെ മിൽക്ക് ഇൻസെന്റീവും കാറ്റിൽ ഫീഡിംഗ് സബ്സിഡിയും നടപ്പിലാക്കുന്നതുകൂടാതെ കറവ യന്ത്രങ്ങൾ, ചാഫ് കട്ടർ, കാലിത്തൊഴുത്ത് ശുചിയാക്കുന്നതിനുള്ള യന്ത്രസാമഗ്രികൾ തുടങ്ങിയവ വാങ്ങുന്നതിന് സഹായവും ലഭ്യമാക്കുന്നുണ്ട്.

## (10) 110 കെ. വി. സബ്സ്റ്റേഷൻ

ശ്രീ. വി. ടി. ബൽറാം: തൃത്താല മണ്ഡലത്തിലെ പടിഞ്ഞാറങ്ങാടി സെക്ഷന്റെയും കുമ്പിടി സെക്ഷന്റെയും കീഴിലുള്ള പ്രദേശങ്ങളിലെ വൈദ്യുതി വിതരണം ശക്തിപ്പെടുത്തുന്നതിനായി 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): പടിഞ്ഞാറങ്ങാടി ഭാഗത്ത് നിലവിലുള്ള 110 കെ.വി. ലൈൻ ഉപയോഗപ്പെടുത്തി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനനുയോജ്യമായ സ്ഥലം ലഭ്യമാക്കിയാൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

ചട്ടം 236(5), 236(6), 47(2) അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപ്പത്തിയാറ് മുതൽ അൻപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## VI ധനകാര്യം

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XX - ശുദ്ധജലവിതരണവും ശുചീകരണവും
(929,69,73,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVIII - ജലസേചനം
(526,68,38,000 രൂപ)

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIX - കൃഷി
(2628,23,72,000 രൂപ)

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയേയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീ. കെ. വി. വിജയദാസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേര ഗ്രാമം, വിള ഇൻഷ്വറൻസ്, സംയോജിത ഭക്ഷ്യവിള തുടങ്ങിയ പദ്ധതികൾ കർഷകർക്ക് പ്രതീക്ഷ നൽകുന്നവയാണ്. മണ്ണിന്റെ ഘടന, ഉൽപ്പാദനക്ഷമത എന്നിവ

കണക്കിലെടുത്ത് പരിസ്ഥിതി സൗഹൃദ കൃഷിരീതികൾ അവലംബിക്കണം. പാലക്കാട്, വയനാട്, ഇടുക്കി ജില്ലകൾ കേന്ദ്രീകരിച്ച് പ്രത്യേക കാർഷിക നയം രൂപീകരിക്കുകയും കാലാവസ്ഥാ വ്യതിയാനങ്ങളെ നേരിടാൻ കഴിയുന്ന നെൽവിത്തിനങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്യണം. ഇതര സംസ്ഥാനങ്ങളിൽ നിന്നും വാടകയ്ക്കെടുക്കുന്ന കൊയ്ത്ത് യന്ത്രങ്ങൾക്കുള്ള അമിത വാടക നിയന്ത്രിക്കണം. കൃഷിഭവനുകളെ കമ്പ്യൂട്ടർവൽക്കരിക്കുകയും ബയോഫാർമസികളാക്കി മാറ്റുകയും ചെയ്യണം. പാലക്കാട് ജില്ലയിലെ എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക്, ഐ.ടി.ഐ. എന്നിവയുടെ സഹായത്തോടെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സാധിക്കണം. നെൽകൃഷിക്കാവശ്യമായ കുളങ്ങൾ സംരക്ഷിക്കണം.

<u>ശ്രീ. അനൂപ് ജേക്കബ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വാട്ടർ അതോറിറ്റിയെ ആശ്രയിച്ച് കഴിയുന്ന ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാകാത്ത സാഹചര്യമാണുള്ളത്. ജലചോർച്ച തടയുന്നതിനോ കരാറുകാരുടെ കുടിശ്ശിക കൊടുക്കുന്നതിനോ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനോ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. പുഴകളുടെ ആഴവും വീതിയും വർദ്ധിപ്പിക്കുന്നതിനും നദീജല കരാറുകളുടെ ഭാഗമായി കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. പ്രളയത്തിൽ കൃഷിനാശം

സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനും ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് ആയത് ലഭ്യമാക്കുന്നതിനും സർക്കാർ മുൻകയ്യെടുക്കണം. പിറവം പ്രോജക്ട് ഓഫീസ് നിലനിർത്തുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീമതി ഗീതാ ഗോപി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ കാർഷിക സംസ്കാരത്തെ തിരിച്ചുകൊണ്ടുവരാൻ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. വൈഗ അന്താരാഷ്ട്ര പ്രദർശനവും ശിൽപ്പശാലയും സംഘടിപ്പിച്ചതും തരിശായ മെത്രാൻ കായലിലും ആറന്മുളയിലും കൃഷിയിറക്കാൻ സാധിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്. നാട്ടിക നിയോജകമണ്ഡലത്തിലെ തീരദേശ മേഖലയ്ക്കായി പ്രഖ്യാപിച്ച കുടിവെള്ള പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള സർക്കാർ ശ്രമം ശ്രദ്ധേയമാണ്.

ശ്രീ. സി. മമ്മൂട്ടി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മലപ്പുറം ജില്ലയിലെ വെട്ടം, തലക്കാട് പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതി സർക്കാർ ഉപേക്ഷിച്ചിരിക്കുകയാണ്. മുടങ്ങിക്കിടക്കുന്ന കല്പകഞ്ചേരി - വളവന്നൂർ കുടിവെള്ള പദ്ധതി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. തിരുനാവായ കുടിവെള്ള പദ്ധതിക്കായി വാങ്ങിയ 135

ഹോഴ്സ്പവറിന്റെ മോട്ടോർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കണം. തിരൂർ വെറ്റില കയറ്റുമതി ചെയ്യുന്നതിനാവശ്യമായ നടപടിയുണ്ടാകണം.

ശ്രീ. സി. കെ. നാണു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനും കേരകർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിക്കനുസൃതമായ കൃഷിരീതികൾ അവലംബിക്കുന്നതിനും ജലസംരക്ഷണത്തിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും കടൽത്തീരങ്ങൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. സി. ജോർജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാസർഗോഡ് ജില്ലയിലെ അടയ്ക്ക കർഷകരുടെമേലുള്ള ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിനും കടൽത്തീരങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വാടക വീടുകൾ കണ്ടെത്തിക്കൊടുക്കുന്നതിനും എരുമേലി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ സമഗ്ര കുടിവെള്ള പദ്ധതി ആവിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. മുരളി പെരുനെല്ലി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നൂറുദിന കർമ്മ പരിപാടികൾ ആവിഷ്കരിച്ചതും അഞ്ചുവർഷംകൊണ്ട് നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറാക്കി ഉയർത്താനുള്ള തീരുമാനവും 'പുനർജ്ജനി' പദ്ധതിയിലൂടെ നെല്ലുല്പാദനത്തിൽ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞതും നെല്ലിന്റെ സംഭരണവില വർദ്ധിപ്പിച്ചതും ശ്ലാഘനീയമാണ്. അവസാനഘട്ടത്തിൽ സംഭരിച്ച നെല്ലിന്റെ വില നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. പച്ചക്കറി ഉല്പാദനത്തിൽ ഗണ്യമായ പുരോഗതി കൈവരിക്കാനും വിഷരഹിത പച്ചക്കറിയുടെ ലഭ്യത ഉറപ്പുവരുത്താനും കഴിഞ്ഞിട്ടുണ്ട്. 'കേര കേരളം സമൃദ്ധ കേരളം' പദ്ധതിയുടെ ഭാഗമായി 50 ശതമാനം സബ്സിഡിയോടുകൂടി തെങ്ങിൻതൈകൾ നൽകുന്ന പദ്ധതി ആവിഷ്കരിച്ചത് സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. പച്ചത്തേങ്ങയുടെ സംഭരണവില വർദ്ധിപ്പിക്കുന്നതിനും രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് സഹായം നൽകുന്നതിനും നടപടി സ്വീകരിക്കണം. വിള ഇൻഷ്വറൻസ് പദ്ധതി പുനരാരംഭിക്കാൻ കഴിഞ്ഞത് അഭിമാനാർഹമാണ്. ജലസംരക്ഷണത്തിന് വിപുലമായ പദ്ധതികൾ ആവിഷ്കരിക്കണം. തൃശ്ശൂർ ജില്ലയിലെ ജലസേചന കനാലുകളിൽ അടിഞ്ഞുകൂടിയ ചെളിയും മണലും നീക്കംചെയ്യുന്നതിനും

പാവറട്ടി-മുല്ലശ്ശേരി കുടിവെള്ള പദ്ധതികളുടെ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനും ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ വ്യാപകമാക്കുന്നതിനും നടപടി സ്വീകരിക്കണം. ജലവിഭവ വകുപ്പിലെ കരാർ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കണം.

ശ്രീ. പി. ജെ. ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഓർഗാനിക് ഫാമിംഗ് നടപ്പാക്കുന്നതിനും മണ്ണ് സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും തെങ്ങിൻതോപ്പുകളിൽ ഇടവിളയായി ഭക്ഷ്യവിളകൾ കൃഷിചെയ്യുന്നതിനും സീസൺ അടിസ്ഥാനമാക്കി തെങ്ങിൻതൈകൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. പെരിയാർ ശുചീകരണ പദ്ധതി നടപ്പാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം സ്വാഗതാർഹമാണ്. എല്ലാ നദികളിലെയും മാലിന്യങ്ങൾ നീക്കുന്നതിന് കർമ്മ പദ്ധതി തയ്യാറാക്കുന്നതിനും തോട്ടപ്പള്ളി സ്പിൽവേയുടെ പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കുന്നതിനും സാധിക്കണം.

ശ്രീ. ഐ. ബി. സതീഷ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമഗ്രവും സന്തുലിതവുമായ വികസനം യാഥാർത്ഥ്യമാക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. വരട്ടാർ വീണ്ടെടുക്കൽ, കിള്ളിയാർ ശുചീകരണം തുടങ്ങിയ

മാതൃകാപരമായ പദ്ധതികൾ നടപ്പാക്കുന്നതിനും നെൽപ്പാടങ്ങളുടെ വിസ്തൃതിയും പച്ചക്കറി ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. നെൽപ്പാടങ്ങൾ വീണ്ടെടുക്കുന്നതിനും ഭൂഗർഭജലനിരപ്പ് ഉയർത്തുന്നതിനുമായി കാട്ടാക്കട നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ ജലസമൃദ്ധി പദ്ധതി വ്യാപകമാക്കുന്നതിന് നടപടിയുണ്ടാകണം. കാർഷിക കുളങ്ങൾ നിർമ്മിച്ചും കിണർ റീചാർജിംഗ് വഴിയും മഴവെള്ളം സംഭരിക്കുന്നതിനും ജലസാക്ഷരത സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസനകാഴ്ചപ്പാടാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഹരിത കേരളം പദ്ധതിക്ക് രൂപം നൽകിയതും കർഷകരുടെ വായ്പകൾക്കുള്ള മൊറട്ടോറിയം നീട്ടാനുള്ള തീരുമാനവും കർഷകത്തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകാൻ സാധിച്ചതും പെൻഷൻ തുക വർദ്ധിപ്പിച്ചതും സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. ജലലഭ്യതയും ജലസംരക്ഷണവും ലക്ഷ്യമിട്ടുള്ള പദ്ധതികളുമായി മുന്നോട്ടുപോകുന്ന ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു.

<u>ശ്രീ. റോജി എം. ജോൺ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജാതിപത്രിയുടെ വിലയിടിവ് പരിഹരിക്കുന്നതിന് ക്രിയാത്മക ഇടപെടലുകൾ നടത്തുന്നതിനും അവയുടെ വിളവ് കുറയുന്നത് സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിനും ഹൈബ്രിഡ് ഇനത്തിലുള്ള ജാതിപത്രിച്ചെടികൾ വികസിപ്പിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കണം. 'തെളിനീർ' എന്ന പേരിൽ അരുവിക്കരയിൽ ആരംഭിച്ച പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തണം. ചാലക്കുടി, പെരിയാർ എന്നീ പുഴകളുടെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് കൂടുതൽ തുക അനുവദിക്കണം. ഇടമലയാർ, ചാലക്കുടി റിവർ ഡൈവേർഷൻ പദ്ധതികളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് തുക അനുവദിക്കുന്നതിനും റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി മാഞ്ഞാലിത്തോട് പുനരുദ്ധരിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുകയും കൃഷിക്കാരുടെ ഉല്പന്നങ്ങൾ കൃഷിയിടത്തിൽത്തന്നെ വിപണനം നടത്തുകയെന്ന ആശയം പ്രാവർത്തികമാക്കുകയും ചെയ്ത നടപടിയെ സ്വാഗതം ചെയ്യുന്നു. 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതിക്ക് പ്രചരണം നൽകി വിഷവിമുക്ത പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാന വിള

ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് നടപ്പിലാക്കുകയും നഷ്ടപരിഹാരത്തുക 12 ഇരട്ടിയായി വർദ്ധിപ്പിക്കുകയും ചെയ്ത നടപടി സ്വാഗതാർഹമാണ്. കൃഷിഭവനുകളും പാടശേഖര സമിതികളും മുഖാന്തരം നടത്തുന്ന പദ്ധതികൾ ജനങ്ങളിലെത്തിക്കുന്നതിന് നടപടി സ്വീകരിക്കണം. ജലനിധി പദ്ധതികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സോഷ്യൽ ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുകയും ജലവിതരണം കാര്യക്ഷമമാക്കുകയും ചെയ്യണം. ശാസ്താംകോട്ട ശുദ്ധജലതടാകത്തിന്റെ സംരക്ഷണാർത്ഥം തുടങ്ങിവച്ച ബദൽപദ്ധതി പൂർത്തിയാക്കണം. ജലാശയങ്ങൾ മലിനമാക്കുന്നവർക്കെതിരെയുള്ള ശിക്ഷ കർശനമാക്കണം. നൂതന സാങ്കേതികവിദ്യയിലൂടെ ജലവിതരണ നഷ്ടം കുറയ്ക്കാനും കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള കുടിവെള്ളം വിതരണം ചെയ്യാനും സൗരോർജ്ജപ്ലാന്റുകൾ സ്ഥാപിച്ച് വാട്ടർ അതോറിറ്റിയുടെ വൈദ്യുതിചാർജ് കുറയ്ക്കാനുമുള്ള നടപടികൾ സ്വാഗതാർഹമാണ്. കിണർ വെള്ളം പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കണം.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സ്വന്തമായി നെൽകൃഷി ചെയ്യുന്ന കർഷകർക്ക് സഹായം നൽകാനും നെൽക്കൃഷിയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താനും റബ്ബർ കർഷകർക്ക്

നൽകുന്ന സബ്സിഡി തുക വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. കാസർഗോഡ് ജില്ലയിൽ മുടങ്ങിക്കിടന്ന കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാക്കിയതോടൊപ്പം മറ്റ് കുടിവെള്ള പദ്ധതികൾക്കൂടി പൂർത്തീകരിക്കണം. ജില്ലാതലങ്ങളിൽ അവലോകനയോഗങ്ങൾ നടത്തി കാർഷിക-ജലസേചന മേഖലകളിലെ അപാകതകൾ പരിഹരിക്കണം.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജലസേചന സൗകര്യം വർദ്ധിപ്പിക്കാനും അഗ്രോ സർവ്വീസ് സെന്ററുകൾ വ്യാപകമാക്കാനും സ്വീകരിച്ച നടപടി ശ്ലാഘനീയമാണ്. ഭൂഗർഭ ജലനിരപ്പ് താഴ്ന്ന സാഹചര്യത്തിൽ ജലവിനിയോഗം സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തണം. തീരസംരക്ഷണത്തിന് മതിയായ തുക അനുവദിക്കണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മലപ്പുറം നഗരസഭയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് UIDSSMT പദ്ധതിയുമായി ബന്ധപ്പെട്ട് നമ്പ്രാണി റെഗുലേറ്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. പൂക്കോട്ടൂർ, പുൽപ്പറ്റ പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് രൂപീകരിച്ച പദ്ധതികൾ സമയബന്ധിതമായി

പൂർത്തിയാക്കണം. കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിന് സമയപരിധി നിശ്ചയിക്കുകയും പദ്ധതി നടത്തിപ്പിൽ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുകയും വേണം. കടലുണ്ടിപ്പുഴയുടെ തീരങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിച്ച് നദീതീരത്ത് സ്ഥിതിചെയ്യുന്ന വീടുകൾക്ക് സുരക്ഷ ഉറപ്പാക്കണം. നെൽകൃഷിക്ക് യോഗ്യമല്ലാത്ത സ്ഥലങ്ങളിൽ മാത്രം നിർമ്മാണ പ്രവൃത്തി അനുവദിക്കുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക കടങ്ങൾക്ക് പ്രഖ്യാപിച്ചിട്ടുള്ള മൊറട്ടോറിയത്തിന് ആർ.ബി.ഐ. അനുമതി നേടിയെടുക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീമതി വീണാ ജോർജ്ജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കാനും പത്തനംതിട്ട ജില്ലയിൽ അമ്പത് ശതമാനം അധിക നെല്ലുൽപ്പാദനം കൈവരിക്കാനും സാധിച്ചത് അഭിനന്ദനാർഹമാണ്. ജൈവപച്ചക്കറിയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ജൈവകീട പ്രതിരോധമാർഗ്ഗങ്ങൾ നടപ്പാക്കുന്നതിനും ജൈവപച്ചക്കറികൾക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കി വിപണനം സുഗമമാക്കുന്നതിനും സംസ്ഥാനത്ത് ഗുണപരിശോധനാ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും കൃഷിയെ സംരക്ഷിക്കുകയും

കാർഷികോൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള സന്തുലനാവസ്ഥ നിലനിർത്തുകയും വേണം. ജലനയം ആവിഷ്കരിക്കുന്നതിനും വീടുകളിൽ മഴവെള്ള സംഭരണികൾ കർശനമാക്കുന്നതിനും ജലസാക്ഷരത നടപ്പാക്കുന്നതിനും കടൽഭിത്തികൾ നിർമ്മിക്കുന്നതിനും ഡിജിറ്റൽ മാപ്പിന്റെ അടിസ്ഥാനത്തിൽ ജലവിതരണ പദ്ധതികൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. ടി. തോമസ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നെട്ടൂരിലെ സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. സെപ്റ്റേജ് മാലിന്യം സംസ്കരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിക്കണം. അന്തർസംസ്ഥാന നദീജല കരാറുകളിലെ പോരായ്മകൾ പരിഹരിക്കുന്നതിനും കാവേരി നദീജലവുമായി ബന്ധപ്പെട്ട് സംസ്ഥാന വിഹിതം പ്രയോജനപ്പെടുത്താൻ പദ്ധതി തയ്യാറാക്കുന്നതിനും നടപടിയുണ്ടാകണം. തൃക്കാക്കര മണ്ഡലത്തിലെ മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാക്കണം. പ്രളയാനന്തരം ലഭ്യമായ കേന്ദ്രഫണ്ട് ഫലപ്രദമായി വിനിയോഗിക്കണം. സ്ലിറ്റ് റിമൂവൽ സ്കീം പുനരാരംഭിക്കുന്നതിനും പ്രത്യേക പദ്ധതിയിലുൾപ്പെടുത്തി ഡാമുകൾ പുനരുദ്ധരിക്കുന്നതിനും കാർഷിക ഗവേഷണ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കർഷക ആത്മഹത്യ ഇല്ലാതാക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): കൂടുതൽ കൃഷിഭൂമിയിൽ

ജലസേചന പദ്ധതികൾ നടപ്പാക്കുന്നതിനും പൈപ്പ്ലൈൻവഴി കുടിവെള്ളമെത്തിക്കുന്നതിനും വിവിധ ജില്ലകളിൽ മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികൾ പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്താനുതകുന്ന പ്രവർത്തനങ്ങളാണ് വകുപ്പ് ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നത്. കേന്ദ്രസഹായം ലഭ്യമാകുന്നമുറയ്ക്ക് ജലസംരക്ഷണം, ജലവിതരണം, ചെറുകിട ജലസേചനം തുടങ്ങിയ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതാണ്. 30,000 കോടിയോളം രൂപ ചെലവുവരുന്ന ജലവിതരണ പ്രവൃത്തി കേന്ദ്രസഹായത്തോടെ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നതാണ്. മൈക്രോ ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധതലങ്ങളിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ചുള്ളിയാർ, മംഗലം ഡാമുകളുടെ റീസിൽട്ടേഷനുള്ള ടെണ്ടർ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. മൂവാറ്റുപുഴ പദ്ധതി 2020 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റി മരാമത്ത് വകുപ്പിൽ അടയ്ക്കേണ്ട തുക കണ്ടെത്തി ഓൺഗോയിംഗ് വർക്കുകൾ പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. കുട്ടനാട്, അട്ടപ്പാടി ജലസേചന പദ്ധതികൾക്ക് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്. കുടിവെള്ള പദ്ധതികൾക്കുള്ള ബൾക്ക് പർച്ചേസ് സപ്ലൈയുടെ ചുമതല

പഞ്ചായത്തുകൾക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെയും ഇറിഗേഷൻ വകുപ്പിന്റെയും അധീനതയിലുള്ള സ്ഥലങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് ഇലക്ട്രിസിറ്റി ചാർജ് ലാഭിക്കുന്നതിനുള്ള പൈലറ്റ് പദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ട്. വാട്ടർ സപ്ലൈയുമായി ബന്ധപ്പെട്ട പരാതികൾ 1916 എന്ന ടോൾഫ്രീ നമ്പറിൽ അറിയിക്കാവുന്നതാണ്. വാട്ടർ കണക്ഷൻ സംബന്ധിച്ച അപേക്ഷകൾക്ക് ഓൺലൈൻ സംവിധാനം നടപ്പിലാക്കിവരുന്നുണ്ട്. ലോകബാങ്കിന്റെ സഹായം ലഭ്യമാകുന്നമുറയ്ക്ക് റിവർ ബേസ്ഡ് മാനേജ്മെന്റ് അതോറിറ്റി രൂപീകരണമുൾപ്പെടെ ഡാമുകളുടെ അറ്റകുറ്റപ്പണികളും കുടിവെള്ള വിതരണ പദ്ധതികളും പ്രാവർത്തികമാക്കുന്നതാണ്. ജലാശയങ്ങൾ മാലിന്യമുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ലഭിച്ച തുക പ്ലാൻ ഫണ്ടിലുൾപ്പെടുത്തി കനാലുകളുടെ തകരാറുകൾ പരിഹരിക്കുന്നതാണ്. ഭൂഗർഭജലം സംരക്ഷിക്കുന്നതിനും അമിത ചൂഷണം തടയുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കടലാക്രമണത്തെ പ്രതിരോധിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. തിരുനാവായ കുടിവെള്ള പദ്ധതി പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. അരുവിക്കര കുപ്പിവെള്ള പ്ലാന്റ് യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. മണിമല മേജർ കുടിവെള്ള പദ്ധതി വിപുലീകരിക്കുന്ന കാര്യം

പരിശോധിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): വരൾച്ച, ഉപ്പുവെള്ളം എന്നിവയെ പ്രതിരോധിക്കുന്ന ആറിനം പുതിയ നെൽവിത്തുകൾ കാർഷിക സർവ്വകലാശാല പുറത്തിറക്കിയിട്ടുണ്ട്. കൃഷിക്കാർക്ക് കുടിശ്ശികയുള്ള നഷ്ടപരിഹാരത്തുക നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. തിരൂർ വെറ്റില ഭൗമസൂചിക പദവിയ്ക്കുവേണ്ടിയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു. അടയ്ക്ക കർഷകരുടെ പ്രശ്നപരിഹാരം പരിഗണനയിലാണ്. ജൈവനയത്തിലൂടെ രാസവളത്തിന്റെയും കീടനാശിനിയുടെയും ഉപയോഗം ഗണ്യമായി കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും മിത്രകീടങ്ങൾ ഉത്പാദിപ്പിക്കുന്ന ലബോറട്ടറികൾ ആരംഭിക്കുന്നതാണ്. കാലാവസ്ഥയ്ക്കനുസൃതമായ വിത്തും നടീൽവസ്തുക്കളും ലഭ്യമാക്കുന്ന നടപടി സ്വീകരിക്കുന്നതാണ്. നാളികേര വികസന കൗൺസിലിന്റെ നേതൃത്വത്തിൽ 10 വർഷം നീണ്ടുനിൽക്കുന്ന ഊർജ്ജിത തെങ്ങ് വികസന പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. തെങ്ങുകൃഷി ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കൃഷിയാക്കി മാറ്റാനും തെങ്ങ് കീട പ്രതിരോധത്തിന് സംസ്ഥാന വ്യാപകമായി ക്യാമ്പയിൻ നടത്താനും തീരുമാനിച്ചിട്ടുണ്ട്. വയനാട്ടിലെ ആദിവാസികൾ കൃഷിക്കുപയോഗിക്കുന്ന പ്രത്യേകയിനം നാടൻ നെൽവിത്തുകൾ

സംരക്ഷിക്കുന്നതാണ്. നെല്ലുൽപ്പാദനത്തിൽ റെക്കോർഡ് വർദ്ധനയാണുണ്ടായിരിക്കുന്നത്. സ്കൂൾ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി 'പാഠം 1 പാടത്തേയ്ക്ക് ' എന്ന പരിപാടി സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. നെൽകൃഷി വ്യാപിപ്പിച്ച് നെല്ലുത്പാദനം വർദ്ധിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. നാളികേര വികസന കൗൺസിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പച്ചക്കറി, പഴം കയറ്റുമതിക്കുള്ള നോഡൽ ഏജൻസിയായി വി.എഫ്.പി.സി.കെ.-യെ പ്രഖ്യാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മില്ലെറ്റ് വില്ലേജ് പദ്ധതി 1720 ഏക്കർ സ്ഥലത്ത് വ്യാപിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ജാതികൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ മേൽമണ്ണിനുണ്ടാകുന്ന മാറ്റങ്ങൾ സംബന്ധിച്ച പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. 25 സെന്റിൽ താഴെ കൃഷിസ്ഥലമുള്ള നാമമാത്ര കർഷകർക്ക് മുൻഗണന നൽകി ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരഫെഡിന്റെ കരുനാഗപ്പള്ളി പ്ലാന്റിൽ പ്രതിദിനം 150 മെട്രിക് ടൺ ശേഷിയുള്ള കൊപ്ര സംഭരണ യൂണിറ്റ് ആരംഭിക്കുന്നതാണ്. റീബിൽഡ് കേരളയുടെ ഭാഗമായുള്ള പ്രോജക്ടിലുൾപ്പെടുത്തി ഇടുക്കിയിലെ ഏലം, കുരുമുളക് കൃഷിക്കാരെയും കൃഷിഭൂമിയെയും സംരക്ഷിക്കുന്നതാണ്. കാർഷിക മേഖലയെ അഗ്രോ ഇക്കോളജിക്കൽ സോണുകളായി തിരിക്കാനും നീർത്തടാധിഷ്ഠിത

പദ്ധതികൾ ആവിഷ്കരിക്കാനും തീരുമാനിച്ചിട്ടുണ്ട്. കർഷക ക്ഷേമ ബോർഡ് യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

(ചർച്ചയിൽ പങ്കെടുക്കുന്നവർ വിഷയത്തിലൊതുങ്ങിനിന്ന് സംസാരിക്കണമെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 4.34-ന് പിരിഞ്ഞു.)